# SARGOTSAVAM 2023
# സർഗോത്സവം 2023

CELEBRATION OF PLURALITY ബഹുസ്വരതയുടെ ആഘോഷം

# GUIDELINES & RULES

**കേന്ദ്രതലം :**

**നവംബർ 26, ഡിസംബർ 3, 9, 10**

/JANASAMSKRITI WWW.JANASAMSKRITI.ORG

1) **'ബഹുസ്വരതയുടെ ആഘോഷം' 'Celebration of Plurality'**
എന്നതായിരിക്കും സർഗോത്സവം 2023-ന്റെ മുദ്രാവാക്യം.

2) സർഗോത്സവം 2023 കേന്ദ്രതല മത്സരങ്ങൾ - സാഹിത്യ രചന (കഥ, കവിത, ഉപന്യാസം, ക്വിസ്); ചിത്രരചന (പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ്, കാർട്ടൂൺ); സ്റ്റേജിന-കലാ മത്സരങ്ങൾ എന്നീ വിഭാഗങ്ങളായി നവംബർ 26, ഡിസംബർ 03, 09, 10 തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.

3) കേന്ദ്രതല മത്സരങ്ങളുടെ മുന്നോടിയായി ബ്രാഞ്ചുതല മത്സരങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തേണ്ടതാണ്. ബ്രാഞ്ചുതല മത്സരങ്ങൾ പൂർത്തിയാക്കേണ്ട അവസാന തീയ്യതി നവംബർ 12 ആണ്. കേന്ദ്രതലത്തിൽ മത്സരിക്കാൻ യോഗ്യത നേടുന്നവരുടെ ലിസ്റ്റ് നവംബർ 13-നോ അതിനു മുമ്പോ കേന്ദ്ര സമിതിക്ക് നിർബന്ധമായും നൽകേണ്ടതാണ്. അതിന് ശേഷം ലഭിക്കുന്ന പേരുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

4) ബ്രാഞ്ചുതല സർഗോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതത് ബ്രാഞ്ചുകൾ തീരുമാനിക്കുന്നതിനനുസരിച്ച് ഓൺലൈനായോ അല്ലാതെയോ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

5) കേന്ദ്രതല സർഗോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ അതത് ബ്രാഞ്ചുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ലിങ്ക് പിന്നീട് ലഭ്യമാക്കുന്നതാണ്.

6) ബ്രാഞ്ചുതല മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയവരോ; അവർക്ക് പുറമേ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ A Grade ലഭിച്ചവരോ; ചുരുങ്ങിയത് 3 മത്സരാർത്ഥികൾ ഇല്ലാത്ത ഇനങ്ങളിൽ വിധികർത്താക്കൾ യോഗ്യരായി തെരഞ്ഞെടുക്കുന്നവരോ ആയിരിക്കും കേന്ദ്രതല മത്സരങ്ങളിൽ പങ്കെടുക്കുക.
ഈ സാമാന്യ നിബന്ധന ക്വിസ്, സാഹിത്യ രചന, ചിത്ര രചന, ഗ്രൂപ്പ് ഡിസ്കഷൻ എന്നീ ഇനങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ ക്രമീകരിച്ചിരിക്കുന്നു :

a) ക്വിസ് മത്സരങ്ങളിൽ ഒന്നും രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാവുന്നതാണ്. എങ്കിലും, ഒരു ബ്രാഞ്ചിൽ നിന്ന് ഒരു വിഭാഗത്തിൽ അഞ്ചിൽ കൂടുതൽ മത്സരാർത്ഥികൾ ഉണ്ടാകാൻ പാടുള്ളതല്ല.

b) കഥ, കവിത, ഉപന്യാസ രചന മത്സരങ്ങളിൽ ബ്രാഞ്ച് തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പുറമേ, ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യത നേടുന്ന പരമാവധി 4 പേർക്കു കൂടി പങ്കെടുക്കാവുന്നതാണ്.

പക്ഷേ, ഒരു രചനായിനത്തിൽ, ഒരു വിഭാഗത്തിൽ നിന്ന് 7-ൽ കൂടുതൽ മത്സരാർത്ഥികൾ ഒരു ബ്രാഞ്ചിൽ നിന്ന് പങ്കെടുക്കാൻ പാടുള്ളതല്ല.

c. ചിത്ര രചന മത്സരങ്ങളിൽ (പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ്, കാർട്ടൂൺ) ബ്രാഞ്ച് തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പുറമേ, ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യത നേടുന്ന പരമാവധി 7 പേർക്കു കൂടി കേന്ദ്രതല മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ, ഒരിനത്തിൽ, ഒരു വിഭാഗത്തിൽ നിന്ന് 10-ൽ കൂടുതൽ മത്സരാർത്ഥികൾ ഒരു ബ്രാഞ്ചിൽ നിന്നും പങ്കെടുക്കാൻ പാടുള്ളതല്ല.

d. ഗ്രൂപ്പ് ഡിസ്കഷൻ : ബ്രാഞ്ചുകളിൽ രജിസ്റ്റർ ചെയ്ത മത്സരാർത്ഥികളെ കേന്ദ്രതലത്തിൽ ഗ്രൂപ്പുകളായി തിരിച്ച് നടത്തുന്ന പ്രാഥമികതല (screening) മത്സരങ്ങളിൽ നിന്നും ഗ്രേഡ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 10 പേരെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും ഓരോ വിഭാഗത്തിലേയും ഫൈനൽ മത്സരങ്ങൾ നടത്തുന്നത്.

07. ബ്രാഞ്ചുതല മത്സരങ്ങളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയവരോ, ചുരുങ്ങിയത് 3 ഗ്രൂപ്പുകൾ ഇല്ലാത്ത ഇനങ്ങളിൽ വിധികർത്താക്കൾ യോഗ്യരായി തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകളേയോ ആയിരിക്കും കേന്ദ്രതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. ഒരു ബ്രാഞ്ചിൽ നിന്നും ഒരു ഗ്രൂപ്പ് ഇനത്തിൽ രണ്ടിൽ കൂടുതൽ ഗ്രൂപ്പുകൾ ഉണ്ടാകാൻ പാടുള്ളതല്ല.

08. കേന്ദ്രതല മത്സരത്തിൽ പങ്കെടുക്കുവാനുള്ള രജിസ്ട്രേഷൻ ഫീസ് വ്യക്തിഗത ഇനത്തിന് 50 രൂപയും, ഗ്രൂപ്പ് ഇനത്തിന് 150 രൂപയും ആയിരിക്കും. രചനാ മത്സരങ്ങൾക്കുള്ള (പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ്, കാർട്ടൂൺ, കഥ, കവിത, ഉപന്യാസം) രജിസ്ട്രേഷൻ ഫീസ് 30 രൂപയായിരിക്കും.

09. ബ്രാഞ്ചുതല മത്സരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് അതത് ബ്രാഞ്ചുകൾക്ക് തീരുമാനിക്കാവുന്നതാണ്.

10. കേന്ദ്രതല മത്സരങ്ങളുടെ രജിസ്ട്രേഷൻ അതത് മത്സരദിനങ്ങളിൽ രാവിലെ ആരംഭിക്കുന്നതാണ്.

11. ഒരു മത്സരാർത്ഥിക്ക് പരമാവധി 4 വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കാവുന്ന- താണ്. എന്നാൽ, പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ്, കാർട്ടൂൺ, കഥ, കവിത, ഉപന്യാസം, ക്വിസ്, പ്രസംഗം, ഗ്രൂപ്പ് ഡിസ്കഷൻ എന്നീ മത്സരങ്ങളിൽ ഈ നിബന്ധന ബാധകമല്ല. അതായത്, 4 വ്യക്തിഗത മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരു മത്സരാർത്ഥിക്ക് അതിന് പുറമെ എല്ലാ രചനാ മത്സരങ്ങളിലും പ്രസംഗം, ഗ്രൂപ്പ് ഡിസ്കഷൻ മത്സരങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും പങ്കെടുക്കാം.

12. ഗ്രൂപ്പിനങ്ങളിൽ ഒരു ഗ്രൂപ്പിൽ 5 മത്സരാർത്ഥികളിൽ കുറയാനോ 12 മത്സരാർത്ഥികളിൽ കൂടാനോ പാടുള്ളതല്ല.

13. ഗ്രൂപ്പ് ഡാൻസ്, സംഗീത ശില്പം, ഒപ്പന, ടാബ്ലോ, മൈം, തെരുവു നാടകം എന്നി ഗ്രൂപ്പ് ഇനങ്ങളിൽ ആവശ്യമെങ്കിൽ പരമാവധി 30% വരെ മലയാളികളല്ലാത്ത മത്സരാർത്ഥികളെ പങ്കെടുപ്പിക്കാവുന്നതാണ്. അതത് ഗ്രൂപ്പിൽ പങ്കെടുക്കുന്ന മൊത്തം മത്സരാർത്ഥികളുടെ എണ്ണത്തിന്റെ ആനുപാതികമായി ഈ 30 ശതമാനം വരെയുള്ള മലയാളികളല്ലാത്ത മത്സരാർത്ഥികളുടെ പങ്കാളിത്തം ക്രമീകരിക്കേണ്ടതാണ്.

14. വയസ്സിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളെ താഴെ പറയുന്ന പ്രകാരം ആറ് വിഭാഗങ്ങളായി തരംതിരിച്ചായിരിക്കും മത്സരങ്ങൾ :

| Category | Short Form | DoB from | DoB To |
|---|---|---|---|
| **Sub Junior** | **SJ** | **01-11-2014** | **31-10-2019** |
| **Junior** | **JR** | **01-11-2010** | **31-10-2014** |
| **Senior** | **SR** | **01-11-2005** | **31-10-2010** |
| **Youth** | **YT** | **01-11-1998** | **31-10-2005** |
| **Youth Prime** | **YP** | **01-11-1988** | **31-10-1998** |
| **Elders** | **EL** | **on or before** | **31-10-1988** |

15. കേന്ദ്രതലത്തിലും ബ്രാഞ്ചുതലത്തിലും മത്സരാർത്ഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കോപ്പി ആവശ്യാനുസരണം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 16. സർഗോത്സവ ഇനങ്ങളും നിബന്ധനകളും

a. സാഹിത്യ രചനാ മത്സരങ്ങൾ : (LITERARY))

| Sl. No. | Item | Category | Max Time Duration | Remarks |
|---|---|---|---|---|
| 1 | കവിതാ രചന (ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 2 | കവിതാ രചന (മലയാളം) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 3 | കഥാ രചന (ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 4 | കഥാ രചന (മലയാളം) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 5 | പ്രബന്ധ രചന(ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകും. |
| 6 | പ്രബന്ധ രചന(മലയാളം) | JR/SR/YT/YP/EL | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകും. |
| 7 | ക്വിസ് | JR/SR/YT/YP | | |

b.

### b. ചിത്ര രചനാ മത്സരങ്ങൾ : (FINE ARTS))

| Sl. No. | Item | Category | Max Time Duration | Remarks |
|---|---|---|---|---|
| 1 | കവിതാ രചന (ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 2 | കവിതാ രചന (മലയാളം) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 3 | കഥാ രചന (ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 4 | കഥാ രചന (മലയാളം) | JR/SR/YT/YP/EL | 60 minutes | വിഷയം/ തീം മത്സരസമയത്ത് നൽകുന്നതാണ് |
| 5 | പ്രബന്ധ രചന(ഇംഗ്ലീഷ്) | JR/SR/YT/YP/EL | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകും. |
| 6 | പ്രബന്ധ രചന(മലയാളം) | JR/SR/YT/YP/EL | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകും. |
| 7 | ക്വിസ് | JR/SR/YT/YP | | |

### c. സ്റ്റേജിന-കലാ മത്സരങ്ങൾ (PERFOMING ARTS)

| Sl. No. | Item | Category | Max Time Duration | Remarks |
|---|---|---|---|---|
| 12 | പ്രസംഗം (ഇംഗ്ലീഷ്) | JR / SR / YT / YP | 5 minutes | വിഷയം/തീം മത്സരത്തിന് 15 മിനിറ്റ് മുൻപ് നൽകും |
| 13 | പ്രസംഗം (മലയാളം) | SR / YT / YP | 5 minutes | വിഷയം/തീം മത്സരത്തിന് 15 മിനിറ്റ് മുൻപ് നൽകും |
| 14 | പ്രസംഗം (ഹിന്ദി) | JR / SR | 5 minutes | വിഷയം/തീം മത്സരത്തിന് 15 മിനിറ്റ് മുൻപ് നൽകും |
| 15 | കവിതാ പാരായണം | JR / SR / YT / YP | 5 minutes | ബാക്ക് ഗ്രൗണ്ട് മ്യൂസിക് പാടുള്ളതല്ല |
| 16 | സിനിമാ ഗാനം (മലയാളം) | SJ / JR / SR (F/M) / YT (F/M)/ YP-EL (F/M) | 5 minutes | ബാക്ക് ഗ്രൗണ്ട് മ്യൂസിക് പാടുള്ളതല്ല, ശ്രുതിപ്പെട്ടി ഉപയോഗിക്കാവുന്നതാണ്. യൂത്ത് പ്രൈം-മുതിർന്നവർ ഒന്നിച്ചായിരിക്കും മത്സരം |
| 17 | ശാസ്ത്രീയ സംഗീതം (കർണാട്ടിക് മ്യൂസിക്) | JR / SR (F/M) / YT (F/M) | 10 minutes | ബാക്ക് ഗ്രൗണ്ട് മ്യൂസിക് പാടുള്ളതല്ല, ശ്രുതിപ്പെട്ടി ഉപയോഗിക്കാവുന്നതാണ്. |
| 18 | മാപ്പിളപ്പാട്ട് | SR / YT | 5 minutes | ബാക്ക് ഗ്രൗണ്ട് മ്യൂസിക് പാടുള്ളതല്ല ശ്രുതിപ്പെട്ടി ഉപയോഗിക്കാവുന്നതാണ്. |
| 19 | പ്രച്ഛന്നവേഷം | SJ / JR | 30 Seconds | വേഷത്തിനായിരിക്കണം പ്രാധാന്യം. ബാക്ക് ഗ്രൗണ്ട് മ്യൂസിക്ക്, അനൗൺസ്മെന്റ് എന്നിവ പാടുള്ളതല്ല |
| 20 | മോണോ ആക്ട് | JR / SR / YT | 10 minutes | അടിസ്ഥാന ഭാഷ മലയാളം |
| 21 | മോഹിനിയാട്ടം | SR / YT | 10 minutes | പെൺകുട്ടികൾക്ക് മാത്രം |
| 22 | ഭരതനാട്യം | JR / SR / YT | 10 minutes | ലിംഗഭേദമന്യേ പങ്കെടുക്കാം |
| 23 | നാടോടി നൃത്തം | SJ / JR / SR / YT | 5 minutes | ലിംഗഭേദമന്യേ പങ്കെടുക്കാം. അടിസ്ഥാന ഭാഷ ഏതു ഇന്ത്യൻ ഭാഷയുമാവാം |
| 24 | നാടൻ പാട്ട് (ഗ്രൂപ്പ്) | JR-SR / YT-YP/ EL | 5 minutes | വേഷം വിധിനിർണയത്തിന് പരിഗണിക്കുന്നതല്ല. ജൂനിയർ & സീനിയർ ഒരു ഗ്രൂപ്പ്, യൂത്ത് & യൂത്ത് പ്രൈം ഒരു ഗ്രൂപ്പ്, മുതിർന്നവർ ഒരു ഗ്രൂപ്പ് |
| 25 | സംഘ ഗാനം | SJ / JR / SR-YT/ YP-EL | 5 minutes | സിനിമ-നാടക ഗാനങ്ങൾ, നാടൻ പാട്ടുകൾ എന്നിവ പരിഗണിക്കുന്നതല്ല. സീനിയർ & യൂത്ത് വിഭാഗങ്ങൾ ഒരു ഗ്രൂപ്പ്, യൂത്ത് പ്രൈം & മുതിർന്നവർ വിഭാഗങ്ങൾ ഒരു ഗ്രൂപ്പ്, സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങൾ വെവ്വേറെ ഗ്രൂപ്പ് |
| 26 | സംഘ നൃത്തം | SJ / JR / SR / YT | 10 minutes | സിനിമാറ്റിക് ഡാൻസ് അനുവദിക്കുന്നതല്ല. അടിസ്ഥാന ഭാഷ ഏതു ഇന്ത്യൻ ഭാഷയുമാവാം |
| 27 | സംഗീത ശില്പം | YT-YP [only] Any Gender | 10 minutes | സിനിമാറ്റിക് ഡാൻസ് അനുവദിക്കുന്നതല്ല. പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. ആവശ്യമെങ്കിൽ ഗ്രൂപ്പ് അംഗങ്ങളുടെ 20% യൂത്ത് വിഭാഗത്തിന് താഴെയുള്ള കുട്ടികളെ പങ്കെടുപ്പിക്കാം അടിസ്ഥാന ഭാഷ മലയാളം |

| | | | | |
|---|---|---|---|---|
| 28 | ഒപ്പന (ഗ്രൂപ്പ് ഇനം) | Upto YT | 10 minutes | പെൺകുട്ടികൾക്ക് മാത്രം<br>ബാക്ക് ഗ്രൗണ്ട് മ്യൂസിക് അനുവദിക്കുന്നതാണ് |
| 29 | ടാബ്ലോ (ഗ്രൂപ്പ് ഇനം) | Upto YT | 30 Seconds | സ്റ്റേജ് ഒരുക്കുന്നതിനായി പരമാവധി 5 മിനിറ്റ് അനുവദിക്കുന്നതാണ് |
| 30 | മൈം (ഗ്രൂപ്പ് ഇനം) | Upto YT | 10 minutes | അംഗവിക്ഷേപങ്ങളിലൂടെയും ചലനങ്ങളിലൂടെയും സംഭാഷണം കൂടാതെ ദൃശ്യങ്ങളും ഭാവങ്ങളും കോർത്തിണക്കി ഒരു പ്രമേയത്തെ പൂർണ്ണമായ അർത്ഥത്തിൽ അവതരിപ്പിക്കുന്നതായിരിക്കണം മൈം |
| 31 | തെരുവ് നാടകം (ഗ്രൂപ്പ് ഇനം) | Upto YT | 10 minutes | ഗ്രൂപ്പ് ഇനം ; ഭാഷ : മലയാളം, ഹിന്ദി, ഇംഗ്ലീഷ്. കേന്ദ്രതല മത്സരങ്ങൾ തുറന്ന സ്ഥലത്തായിരിക്കും സംഘടിപ്പിക്കുന്നത് |
| 32 | ഗ്രൂപ്പ് ഡിസ്കഷൻ (ഇംഗ്ലീഷ്) | SR-YT | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകുന്നതായിരിക്കും |
| 33 | ഗ്രൂപ്പ് ഡിസ്കഷൻ (ഹിന്ദി) | SR | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകുന്നതായിരിക്കും |
| 34 | ഗ്രൂപ്പ് ഡിസ്കഷൻ (മലയാളം) | YT | 60 minutes | 24 മണിക്കൂർ മുൻപായി വിഷയം/തീം നൽകുന്നതായിരിക്കും |

17. ബ്രാഞ്ച് / കേന്ദ്ര തലത്തിൽ പ്രച്ഛന്ന വേഷം, മോണോ ആക്ട്, ടാബ്ലോ, മൈം, തെരുവ് നാടകം, സംഗീത ശില്പം എന്നീ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന വേഷം / ആശയം എന്നിവ രജിസ്ട്രേഷന് മുൻപായി ബ്രാഞ്ചുതല സ്ക്രീനിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തേണ്ടതാണ്. ഈ ഇനങ്ങളിൽ അവതരിപ്പിക്കുന്ന പ്രമേയം പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം.

18. സംഗീത മത്സര ഇനങ്ങളിൽ ശ്രുതിപ്പെട്ടി ഒഴികെ മറ്റ് സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

19. ശാസ്ത്രീയ സംഗീതം, ശാസ്ത്രീയ നൃത്തം , മാപ്പിളപ്പാട്ട്, തെരുവ് നാടകം, നാടോടി നൃത്തം, ഗ്രൂപ്പ് ഡാൻസ് എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ അടിസ്ഥാന ഭാഷ മലയാളമായിരിക്കണം.

20. പിന്നണി സംഗീതം ആവശ്യമുള്ള ഇനങ്ങൾക്ക് ആ ഇനത്തിന്റെ ഗാനം മാത്രമുള്ള പെൻഡ്രൈവ് (pen drive ) mp3/mp4 ഫോർമാറ്റിൽ കൊണ്ടുവരേണ്ടതാണ്.

21. ഒരു വിഭാഗത്തിന് (age category) ഒരു പ്രത്യേക ഇനത്തിൽ മത്സരം ഇല്ലെങ്കിൽ മാത്രമേ തൊട്ടു മുകളിലുള്ള വിഭാഗത്തിലെ മത്സരത്തി ൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. സംഗീത ശില്പം ഒഴികെയുള്ള ഗ്രൂപ്പ് ഇനങ്ങൾക്ക് ഇത് ബാധകമല്ല, എന്നിരുന്നാലും മുതിർന്ന വിഭാഗത്തിലെ മത്സരാർത്ഥികൾ താഴെയുള്ള വിഭാഗത്തിൽ മത്സരിക്കാൻ പാടുള്ളതല്ല. അതുപോലെ, ഒരു മത്സരാർത്ഥി ഒരേ ഇനത്തിൽ വ്യത്യസ്ത വിഭാഗത്തിൽ പങ്കെടുക്കരുത്.

22. ഒരു മത്സരാർത്ഥി ഒരു കാരണവശാലും ഒന്നിൽ കൂടുതൽ ബ്രാഞ്ചുകളെ പ്രതിനിധീകരിക്കുവാൻ പാടുള്ളതല്ല.

23. ഫോട്ടോഗ്രാഫി മത്സരം : താഴെ പറയും വിധം രണ്ട് വിഭാഗങ്ങളായാണ് കേന്ദ്ര തലത്തിൽ
മത്സരങ്ങൾ നടക്കുക. സാധാരണ ക്യാമറയും മൊബൈൽ ക്യാമറയും ഉപയോഗിക്കാവുന്നതാണ്

a. ബഹുസ്വരതയുടെ ആഘോഷം' എന്ന സർഗോത്സവത്തിന്റെ ആശയവുമായി ബന്ധപ്പെട്ട പരമാവധി 3 ഫോട്ടോകൾ 2023 സെപ്തംബർ 15 മുതൽ ഡിസംബർ 9 വരെ താഴെ പറയും വിധം ജനസംസ്കൃതിയുടെ ഫേസ്ബുക്ക് & ഇൻസ്റ്റാഗ്രാം പേജുകളെ ടാഗ് /മെൻഷൻ ചെയ്യണം.

#Celebration of Plurality #Photography Competition #Janasamskriti #Sargotsavam2023

b. ബ്രാഞ്ച് - കേന്ദ്രതല സർഗോത്സവങ്ങളുമായി ബന്ധപ്പെട്ട പരമാവധി 3 ഫോട്ടോകൾ 2023 ഡിസംബർ 10-ന് ഉച്ചക്ക് 1 മണിക്ക് മുൻപായി ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണ്. അതിനുള്ള ലിങ്ക്( online link) ബ്രാഞ്ച്തല മത്സരങ്ങൾക്ക് മുൻപ് നൽകുന്നതാണ്

24. പോയന്റുകൾ കണക്കാക്കുന്നത് താഴെ കൊടുക്കുന്ന പ്രകാരമായിരിക്കും.

| സ്ഥാനം | വ്യക്തിഗത ഇനം | ഗ്രൂപ്പ് ഇനം |
|---|---|---|
| ഒന്നാം സ്ഥാനം | 5 പോയന്റ് | 15 പോയന്റ് |
| രണ്ടാം സ്ഥാനം | 3 പോയന്റ് | 10 പോയന്റ് |
| മൂന്നാം സ്ഥാനം | 1 പോയന്റ് | 5 പോയന്റ് |

25. കേന്ദ്രതലത്തിൽ ഏതെങ്കിലും ഇനത്തിൽ ചുരുങ്ങിയത് 3 മത്സരാർത്ഥികൾ ഇല്ലെങ്കിൽ വിധികർത്താക്കൾ ഫലം നിർണ്ണയിക്കുമ്പോൾ, ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ A, B എന്നീ ഗ്രേഡുകളാണ് നൽകുക. പോയന്റ് നിർണ്ണയിക്കുമ്പോൾ A ഗ്രേഡ് ഒന്നാം സ്ഥാനത്തിനും, B ഗ്രേഡ് രണ്ടാം സ്ഥാനത്തിനും തുല്യമായിരിക്കും. വ്യക്തിഗത പോയന്റ് നിശ്ചിയിക്കുമ്പോൾ പ്രസ്തുത പോയന്റ് പരിഗണിക്കുന്നതാണ്.

26. **കലാ/സാഹിത്യ പ്രതിഭാ പുരസ്കാരങ്ങൾ :**

a. കഥ, കവിത, ഉപന്യാസ രചനകൾ, ക്വിസ് എന്നീ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ വ്യക്തിഗത പോയന്റുകൾ നേടുന്ന മത്സരാർത്ഥിക്ക് ലിംഗഭേദമില്ലാതെ ജൂനിയർ, സീനിയർ, യൂത്ത്, യൂത്ത് പ്രൈം എന്നീ ഓരോ വിഭാഗത്തിലും സാഹിത്യ പ്രതിഭ പുരസ്കാരം നൽകുന്നതാണ്. .

b. കലാ മത്സരങ്ങളിൽ സബ് ജൂനിയർ, ജൂനിയർ, വിഭാഗങ്ങളിൽ ലിംഗഭേദമില്ലാതേയും സീനിയർ, യൂത്ത്, യൂത്ത് പ്രൈം വിഭാഗങ്ങളിൽ ആൺകുട്ടിക്കും, പെൺകുട്ടിക്കും പ്രത്യേകമായും കലാ പ്രതിഭ പുരസ്കാരം നൽകുന്നതാണ്.

c. കലാ പ്രതിഭയോ, സാഹിത്യ പ്രതിഭയോ ആകാൻ കുറഞ്ഞത് 11 പോയന്റെങ്കിലും നേടിയിരിക്കണം.

**07. സർഗ പ്രതിഭ പുരസ്കാരം :**

a. കേന്ദ്രതല സർഗോത്സവത്തിൽ ജൂനിയർ മുതൽ യൂത്ത് പ്രൈം വരെയുള്ള വിഭാഗങ്ങളിൽ നിന്നും ലിംഗഭേദമില്ലാതെ ഏറ്റവും കൂടുതൽ വ്യക്തിഗത പോയന്റ് നേടുന്ന മത്സരാർത്ഥിക്ക് സർഗ പ്രതിഭ പുരസ്കാരം നൽകുന്നതാണ്.

b. സർഗ പ്രതിഭ പുരസ്കാരം ലഭിക്കുന്നതിന് കുറഞ്ഞത് 21 പോയന്റെങ്കിലും ലഭിച്ചിരിക്കണം.

c. കലയിലും സാഹിത്യത്തിലും നിർബന്ധമായും പോയന്റുകൾ കിട്ടിയിരിക്കണം.

28. ബ്രാഞ്ച്-കേന്ദ്ര തല മത്സരങ്ങളിൽ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

29. സർഗോത്സവം 2023-ന്റെ നിബന്ധനകളിലും നിയമാവലിയിലും അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും, ആവശ്യമായ ഭേദഗതി വരുത്തുവാൻ ജനസംസ്കൃതി കേന്ദ്രകമ്മിറ്റിക്ക് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്

CELEBRATION OF PLURALITY ബഹുസ്വരതയുടെ ആഘോഷം
ബഹുസ്വരതയുടെ ആഘോഷം CELEBRATION OF PLURALITY